
പ്രതികരണം

എൻ.എം ഹുസൈൻ

# യുക്തിവാദികൾ വംശനാശവും പരിണാമവും




ഡോക്കിൻസിനു ശേഷം മറ്റൊരാൾ കൂടി നിരീശ്വര വാദികളുടെ റെഡ് ഡാറ്റാ ബുക്കിലെത്തി. ലോക പ്രശസ്തനായ ഇംഗ്ല ണ്ടിലെ നിരീശ്വര ദാർശ നികൻ ആന്റണി ഫ്ള്യൂ. ഇദ്ദേഹം ഏറ്റവും ഒടുവി ൽ പ്രസിദ്ധീകരിച്ച പുസ്തകത്തിന്റെ പേരെ ന്താണെന്നോ– 'ദൈവമുണ്ട്'


**വംശനാശം** സംഭവിക്കുന്ന ജീവിവർഗങ്ങളെ പട്ടികയിലാക്കി 'റെഡ് ഡാറ്റാ ബുക്ക്' എന്നൊരു പുസ്തകം പുറത്തിറങ്ങുന്നുണ്ട്. ഓരോ വർഷവും ഭൂമുഖത്തുനിന്നും അപ്രത്യക്ഷമാവുന്ന ജീവിവർഗങ്ങളെപ്പറ്റി അറിയാൻ ഈ പുസ്തകത്തിന്റെ ഒടുവിലത്തെ പതിപ്പ് നോക്കിയാൽ മതി. ഈ ലിസ്റ്റ് തയാറാക്കുന്നത് ജീവശാസ്ത്രജ്ഞരാണ്. എന്നാൽ തത്ത്വശാസ്ത്രജ്ഞർക്കും ഇതിന് സമാനമായൊരു പണി തുടങ്ങാവുന്നതാണ്. കുറ്റിയറ്റുകൊണ്ടിരിക്കുന്ന നിരീശ്വരവാദികളുടെ വംശനാശലിസ്റ്റ് തയാറാക്കേണ്ട സ്ഥിതിയാണ് ഇന്നുള്ളത്. ജീവിച്ചിരിക്കുന്ന നിരീശ്വര ജീവശാസ്ത്രജ്ഞരിൽ പ്രമുഖനായിരുന്നു ഓക്സ്ഫഡ് സർവകലാശാലാ പ്രഫസറായ റിച്ചാഡ് ഡോക്കിൻസ്. അദ്ദേഹവും ഈയിടെ പ്രഖ്യാപിച്ചത് താനൊരു അജ്ഞേയവാദിയായി മാറുന്നുവെന്നാണ്. ദൈവമില്ലെന്ന് കട്ടായം പറഞ്ഞുകൊണ്ടിരുന്ന ആൾ ദൈവം ഉണ്ടോ ഇല്ലേ എന്നറിയില്ലെന്ന വിശ്വാസക്കാരനായെന്നർഥം.

ഡോക്കിൻസിനു ശേഷം മറ്റൊരാൾ കൂടി നിരീശ്വരവാദികളുടെ റെഡ് ഡാറ്റാ ബുക്കിലെത്തി. ലോക പ്രശസ്തനായ ഇംഗ്ലണ്ടിലെ നിരീശ്വര ദാർശനികൻ ആന്റണി ഫ്ള്യൂ. ഇദ്ദേഹം ഏറ്റവും ഒടുവിൽ പ്രസിദ്ധീകരിച്ച പുസ്തകത്തിന്റെ പേരെന്താണെന്നോ– 'ദൈവമുണ്ട്' (There Is A God- There Is No God എന്നതിലെ No വെട്ടി A എന്നെഴുതിയ വിധത്തിലാണ് കൃതിയുടെ കവർ ചിത്രീകരണം). അരനൂറ്റാണ്ടിലേറെക്കാലം നിരീശ്വരവാദത്തിന്റെ ദാർശനികാചാര്യനായിരുന്നു ആന്റണി ഫ്ള്യൂ എന്നോർക്കുക. വൻകിട നിരീശ്വരദാർശനികരുടെ സ്ഥിതിയിതാണെങ്കിൽ ചെറുകിട നേതാക്കളും കുഞ്ഞാടുകളും ഏതവസ്ഥയിലേക്ക് മാറിയിട്ടുണ്ടാവുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. യുക്തിവാദികളുടെയും മറ്റും സംസ്ഥാന സമ്മേളനത്തിന് ഒരു പ്രാദേശിക ജുമുഅ നമസ്കാരത്തിന് എത്തുന്ന അത്ര ആളുകളേ സംബന്ധിക്കാറുള്ളൂ എന്നതും കാണാവുന്നതാണ്. ചുരുക്കത്തിൽ, നിരീശ്വരവാദ ദാർശനികർ ഈശ്വരവാദത്തിലേക്കും അജ്ഞേയവാദത്തിലേക്കും മാറിക്കൊണ്ടിരിക്കുന്നു. ബഹുജനങ്ങളാകട്ടെ മതവിശ്വാസങ്ങളിലേക്ക് മടങ്ങിപ്പോവുകയും ചെയ്യുന്നു. വംശനാശവും പരിണാമവും ജീവലോകത്തേക്കാൾ ബാധിച്ചത് യുക്തിവാദികളെയാണോ എന്ന് സംശയിക്കണം.

നിരീശ്വരവാദത്തിന്റെ ഈറ്റില്ലവും പോറ്റില്ലവുമായ പാശ്ചാത്യ സമൂഹങ്ങളിൽ നിരീശ്വരവാദികൾ കുറ്റിയറ്റുകൊണ്ടിരിക്കെ പൗരസ്ത്യ നാടുകളിലെ സ്ഥിതിയും വ്യത്യസ്തമല്ല. കുറ്റിയടയാൻ പോലും അവശേഷിക്കാത്തവിധം ഒറ്റപ്പെട്ട പ്രതിഭാസമാണ് നിരീശ്വരപ്രസ്ഥാനം. എങ്കിലും അവിടെയും ഇവിടെയുമായി ഇടക്കിടെ ചില നിരീശ്വരവാദികൾ കഷായത്തിന് മേമ്പൊടിയെന്ന പോലെ ജീവിക്കുന്നുണ്ടെന്നു


മാത്രം. പാശ്ചാത്യലോകത്തെ നിരീശ്വര വാദികൾ എഴുതിയത് വായിച്ച് ആവേശം കൊണ്ടവരാണ് ഇവരുടെ മുൻതലമുറക്കാർ. പാശ്ചാത്യലോകത്ത് നിരീശ്വരവാദം കുറ്റിയറ്റതോടെ ഇവിടെയും അതിന്റെ നിറപ്പകിട്ട് ഇല്ലാതായി. ഇനിയവശേഷിക്കുന്നത് ചിന്താപരമായി ജരാനരബാധിച്ച ചില വികാരജീവികൾ മാത്രമാണ്. ഒരുകാലത്ത് ശാസ്ത്രത്തെപ്പറ്റിയെങ്കിലും വിവരമുള്ളവരായിരുന്നു കേരളത്തിലെ നിരീശ്വരവാദികൾ. ഇന്നാകട്ടെ ശാസ്ത്രത്തെക്കുറിച്ചു പോലും വിവരമില്ലാത്തവരായി ഇവർ മാറിയിരിക്കുന്നു. ഇതിന്റെ ലക്ഷണമൊത്ത മാതൃകയാണ് നിരീശ്വരവാദ എഴുത്തുകാരൻ സെയ്ത് മുഹമ്മദ്. മറ്റെങ്ങും ഇടമില്ലാതെ ഫാഷിസ്റ്റുകളുടെ മുഖപത്രത്തിലാണ് ഇദ്ദേഹം ഇപ്പോൾ ശരണം തേടിയിരിക്കുന്നത്. *പ്രബോധനം* വാരികയിൽ ഞാനെഴുതിയ പരിണാമവിമർശനത്തിന് *ജന്മഭൂമി* ദിനപത്രത്തിൽ (2009 മെയ് 4) സെയ്ത് മുഹമ്മദ് മറുപടിയെഴുതിയത് വായിച്ചപ്പോഴാണ് ഇത്തരം വസ്തുതകൾ ഓർമയിലെത്തിയത്.

ലേഖനത്തിന്റെ മധ്യഭാഗത്ത് പത്രാധിപർ വലിയ അക്ഷരത്തിലാക്കിയ വാചകം ശ്രദ്ധിക്കുക: "മുസ്‌ലിം മതവിഭാഗങ്ങൾക്ക് കത്തോലിക്കാ സഭ ചെയ്തപോലെ പരിണാമസിദ്ധാന്തത്തെ അംഗീകരിക്കാൻ ഇനിയും കാലമായിട്ടില്ലെന്നതാണ് വസ്തുത." ലേഖനത്തിലെ എട്ടു ഖണ്ഡികകളിൽനിന്നും പത്രാധിപർ ഈ വാക്യം ഏറ്റവും പ്രാധാന്യപൂർവം കൊടുത്തതിൽനിന്നും ലേഖകനേക്കാൾ വിവരക്കേട് പത്രാധിപർക്കാണെന്ന് കൂടി തെളിയുന്നുണ്ട്. ഒന്നാമതായി കത്തോലിക്കാ സഭക്ക് സമാനമോ അതിനോട് താരതമ്യപ്പെടുത്താവുന്നതോ ആയ ഒരു പൗരോഹിത്യ സ്ഥാപനം മുസ്‌ലിംകൾക്കിടയിൽ ഒരുകാലത്തും ഉണ്ടായിട്ടില്ല. ദൈവത്തിന്റെ പേരിൽ ഉത്തരവുകൾ ഇറക്കാൻ പോപ്പോ സഭയോ ഇല്ലാത്ത പൗരോഹിത്യമുക്തമായ സമൂഹമാണ് മുസ്‌ലിംലോകം (മുസ്‌ലിയാക്കന്മാരെയും മൗലവിമാരെയും ബിഷപ്പുമാരുമായി താരതമ്യപ്പെടുത്തുന്നത് ചരിത്രപരമായ വിവരക്കേടാണ്). കത്തോലിക്കാ സഭ ചെയ്തതുപോലെ പരിണാമത്തെ നിരോധിക്കാൻ മുസ്‌ലിംലോകത്തെ ഒരൊറ്റ പണ്ഡിതസമിതിയും ഇന്നേവരെ ഉത്തരവിറക്കിയിട്ടില്ല. ഒരിക്കൽ നിരോധിച്ച് പിന്നീടൊരിക്കൽ അംഗീകരിക്കേണ്ട ഗതികേട് കത്തോലിക്കാ സഭക്ക് മാത്രം അവകാശപ്പെട്ടതാണെന്ന് മനസ്സിലാക്കാൻ യൂറോപ്പിന്റെ സാംസ്കാരികചരിത്രം വിവരിക്കുന്ന ഏതെങ്കിലും പാഠപുസ്തകങ്ങൾ നോക്കിയാൽ മതിയാവും. പരിണാമസിദ്ധാന്തത്തിനെതിരെ നിരോധം പ്രഖ്യാപിക്കാത്ത മുസ്‌ലിംലോകത്തോട് കത്തോലിക്കാ സഭ ചെയ്തതുപോലെ കുറ്റം ഏറ്റുപറയണമെന്ന് വാദിക്കുന്നത്



■ റിച്ചാർഡ് ഡോക്കിൻസ്

**നിരീശ്വരവാദ ദാർശനികർ ഈശ്വരവാദത്തിലേക്കും അജ്ഞേയവാദത്തിലേക്കും മാറിക്കൊണ്ടിരിക്കുന്നു. ബഹുജനങ്ങളാകട്ടെ മതവിശ്വാസങ്ങളിലേക്ക് മടങ്ങിപ്പോവുകയും ചെയ്യുന്നു. വംശനാശവും പരിണാമവും ജീവലോകത്തേക്കാൾ ബാധിച്ചത് യുക്തിവാദികളെയാണോ എന്ന് സംശയിക്കണം.**



■ ആന്റണി ഫ്‌ള്യൂ

തികഞ്ഞ അസംബന്ധമാണ്.

ചരിത്രബോധമില്ലാത്ത യുക്തിവാദിക്ക് (ആകെയുള്ളത് യുക്തിബോധം മാത്രം!) ശാസ്ത്രവിവരം കൂടി ഇല്ലെന്നു വന്നാൽ എന്താകും സ്ഥിതിയെന്ന് *ജന്മഭൂമി*യിലെ കുറിപ്പ് വ്യക്തമാക്കുന്നു. എന്റെ പരിണാമ വിമർശനങ്ങളെപ്പറ്റി ലേഖകൻ എഴുതുന്നു: "പരിണാമസിദ്ധാന്തത്തെ വിമർശിച്ചുകൊണ്ട് നിരവധി ലേഖനങ്ങൾ അദ്ദേഹം ഇസ്‌ലാമിക വീക്ഷണകോണിലൂടെ എഴുതിയത് അവരുടെ മുഖപത്രമായ വാരികയിലും പുസ്തകരൂപത്തിൽ അവരുടെ പ്രസിദ്ധീകരണ സ്ഥാപനമായ ഐ.പി.എച്ചിൽ കൂടിയും പ്രസിദ്ധീകരിച്ചിട്ടുണ്ട്.'' ശാസ്ത്രീയ വിമർശനങ്ങളെ മനസ്സിലാക്കാനുള്ള സാമാന്യ ഗ്രഹണശക്തി പോലും ഇന്നത്തെ യുക്തിവാദ പ്രമുഖന്മാർക്കില്ലെന്നതിന്റെ സൂചനയാണ് ഈ വാചകം. പരിണാമത്തെപ്പറ്റി ഞാൻ രണ്ട് പുസ്തകങ്ങളും ധാരാളം ലേഖനങ്ങളും എഴുതിയിട്ടുണ്ടെങ്കിലും അവയൊന്നും 'ഇസ്‌ലാമിക വീക്ഷണകോണി'ലൂടെയായിരുന്നില്ല; ശാസ്ത്രീയ വീക്ഷണകോണിലൂടെയായിരുന്നു. ഇവക്കൊന്നിനും മറുപടിയെഴുതാൻ യുക്തിവാദികളോ ശാസ്ത്ര സാഹിത്യപരിഷത്തുകാരോ ഇന്നേവരെ തയാറായിട്ടില്ല എന്നതു തന്നെ വിമർശനത്തിന്റെ സത്യസ്ഥിതി തെളിയിക്കുന്നു. പരിണാമവാദികളായ ജീവശാസ്ത്ര പ്രഫസർമാർക്ക് സാധിക്കാത്തത് പത്താംക്ലാസ്സും ഗുസ്തിയും മാത്രം അഭ്യസിച്ച യുക്തിവാദികൾക്ക് സാധിക്കുമെന്ന് കരുതാൻ പ്രയാസമുണ്ട്.

ഡാർവിന്റെ കൃതികൾ പ്രസിദ്ധീകരിച്ചതിന് ശേഷം (1860) നടന്ന സംവാദങ്ങളിൽ ശ്രദ്ധേയമാണ് ബിഷപ്പ് വിൽബർഫോഴ്സും പ്രമുഖ ജീവശാസ്ത്രജ്ഞനായിരുന്ന പ്രഫ. ഹക്സലിയുമായി നടത്തിയ സംവാദങ്ങൾ. അന്ന് ബിഷപ്പാണ് എതിർപക്ഷത്തുണ്ടായിരുന്നതെങ്കിൽ ഇന്ന് പരിണാമസിദ്ധാന്തത്തെ എതിർക്കുന്നത് ശാസ്ത്രജ്ഞർ തന്നെയാണ് എന്നും *പ്രബോധനം* ലേഖനത്തിൽ എഴുതിയിരുന്നു. ഇതെപ്പറ്റി യുക്തിവാദിയുടെ പ്രതികരണമിതാണ്: "വസ്തുതകളെ എങ്ങനെ വളച്ചൊടിക്കാൻ കഴിയുമെന്നതിന്റെ മികച്ച ഉദാഹരണമാണ് മുകളിൽ കൊടുത്തത്. പരിണാമസിദ്ധാന്തത്തിനെ

തിരെ വിമർശനങ്ങൾ അവതരിപ്പിച്ച ശാസ്ത്രജ്ഞന്മാരൊന്നും സൃഷ്ടിവാദ സിദ്ധാന്തത്തിന്റെ വക്താക്കളല്ല."പരിണാമ സിദ്ധാന്തത്തെ വിമർശിച്ചവർ പ്രധാനമായും മൂന്ന് വിഭാഗക്കാരാണ്. സൃഷ്ടിവാദികളായ ശാസ്ത്രജ്ഞർ, സൃഷ്ടിയിലോ പരിണാമത്തിലോ വിശ്വസിക്കാത്ത ശാസ്ത്രജ്ഞർ, ഡാർവിനിയൻ പരിണാമത്തിനു പകരം സൃഷ്ടിപരിണാമം മുന്നോട്ടുവെച്ചവർ. ഇവരൊക്കെയും ശാസ്ത്രജ്ഞന്മാർ തന്നെയാണ്. റോബർട്ട് ജെൻട്രി സൃഷ്ടിവാദിയായ ശാസ്ത്രജ്ഞനാണ്. പ്ലൂട്ടോണിയം ഹാലോസിനെപ്പറ്റി ഗവേഷണം നടത്തിയ ചുരുക്കം ശാസ്ത്രജ്ഞരിൽ ഒരാളാണിദ്ദേഹം. സൃഷ്ടിവാദിയായതുകൊണ്ടു മാത്രം ജെൻട്രി ശാസ്ത്രജ്ഞനല്ലാതാവുമോ? ഒരുപക്ഷേ ശാസ്ത്രബോധമില്ലാത്ത സമകാലീന യുക്തിവാദികളെ സംബന്ധിച്ചേടത്തോളം ശാസ്ത്രജ്ഞനെന്നാൽ പരിണാമവാദിയും നിരീശ്വരവാദിയും ആയിരിക്കണമെന്ന് നിർബന്ധമുണ്ടാകാം. അക്കാലം അരനൂറ്റാണ്ടിന് മുമ്പായിരുന്നുവെന്നും ഇത് ആധുനികകാലമല്ല ഉത്തരാധുനികയുഗമാണെന്നും മനസ്സിലാക്കാനുള്ള സാമാന്യവിവരമെങ്കിലും കുറ്റിയറ്റുക്കൊണ്ടിരിക്കുന്ന യുക്തിവാദ കാരണവന്മാർ നേടേണ്ടതുണ്ട്.

'പരിണാമവും വാർത്താമാധ്യമങ്ങളും' എന്ന *പ്രബോധനം* ലേഖനത്തിൽ (ലക്കം 65/37, പേജ് 15,16) ദക്ഷിണാഫ്രിക്കയിലെ സെഡാർബർഗ് പ്രദേശത്തുനിന്ന് കണ്ടെടുക്കപ്പെട്ട മത്സ്യഫോസിലുകളെപ്പറ്റി എഴുതിയിരുന്നു. 4500 ലക്ഷം വർഷം പഴക്കമുള്ള മുള്ളില്ലാത്ത മത്സ്യഫോസിലുകളെക്കുറിച്ചും 5300 ലക്ഷം വർഷം പഴക്കമുള്ള മുള്ളുള്ള മത്സ്യഫോസിലുകളെപ്പറ്റിയും അതിൽ പരാമർശിച്ചിരുന്നു. 2005 മെയ് 3ന് *ബി.ബി.സി* റിപ്പോർട്ട് ചെയ്തതാണ് ഈ കണ്ടെത്തലുകളെന്നും ലേഖനത്തിൽ തന്നെ വ്യക്തമാക്കിയിരുന്നു. മുള്ളുള്ള പഴക്കമേറിയ ഫോസിൽ കിട്ടിയതിനെപ്പറ്റി *ബി.ബി.സി* നൽകിയ മറ്റൊരു വാർത്തയും (1999 നവംബർ 4) ലേഖനത്തിൽ സൂചിപ്പിച്ചിരുന്നു. ഇതെല്ലാം വായിച്ച ശേഷം യുക്തിവാദി നേതാവ് എഴുതിയതിങ്ങനെ: "ഭൂമിയിൽനിന്ന് ലഭിച്ച ലക്ഷക്കണക്കിന് ഫോസിലുകളിലൊന്നും മേൽപറഞ്ഞ സംഭവം തന്നെ കണ്ടിട്ടില്ല." യുക്തിവാദി നേതാവിന് യുക്തിയില്ലെന്നതിരിക്കട്ടെ മലയാളത്തിലെഴുതിയത് മനസ്സിലാക്കാനുള്ള സാമാന്യബോധം പോലും ഇല്ലെന്നു വന്നാലോ? പത്തു വർഷം മുമ്പ് നടന്ന കണ്ടെത്തലിനെപ്പറ്റി വിവരമില്ലെന്നു മാത്രമല്ല, മറ്റുള്ളവർ അത് ശ്രദ്ധയിൽ പെടുത്തിയാൽ ഗ്രഹിക്കാനുള്ള ശേഷിപോലും ഇവർക്ക് നഷ്ടപ്പെട്ടിരിക്കുന്നുവെന്നർഥം. ഇതിൽ അതിശയമില്ല. കാരണം മതത്തെയും മതനേതാക്കളെയും അസഭ്യം പറയുന്നത് ശീലമാക്കിയ യുക്തിവാദികളിൽനിന്നും ശാസ്ത്രബോധവും യുക്തിയും ക്രമേണ സാമാന്യബോധം പോലും ചോർന്നുപോയത് സ്വാഭാവികമെന്നേ കരുതാനാവൂ. ■